# Walking with God like Enoch(Gen:5:22-24)

## ദൈവത്തോടു ചേർന്നു നടന്ന ഹാനോക്ക് (ഉല്പ:5:22-24)

'നല്ല നടപ്പിന്' കോടതി പ്രായപൂർത്തിയാകാത്തവരെ ശിക്ഷിച്ച് അതിനായുള്ള സ്ഥലങ്ങളിൽ എത്തിക്കാറുണ്ട്. നല്ല സ്വഭാവം അവർ പ്രാപ്യമാക്കുവാനാണ് അപ്രകാരം ചെയ്യുന്നത്. ഒരു ദൈവപൈതലിന്റെ നടത്ത (സ്വഭാവം) വിശ്വാസിക്ക് ചേർന്നതായിരിക്കണം.

## എന്തെല്ലാമാണ് ആ സ്വഭാവങ്ങൾ

1. സൽപ്രവർത്തികളിൽ നടക്കണം - എഫേ: (2:10)
2. സത്യത്തിൽ നടക്കണം - (3യോഹ:4)
3. വെളിച്ചത്തിൽ നടക്കണം - (1 യോഹ:1:7)
4. സുവിശേഷത്തിന് യോഗ്യമാം വണ്ണം നടക്കണം - (ഫിലി:1:27)
5. മറ്റു വിശ്വാസികൾക്ക് യഥാർത്ഥ മാതൃകയായി നടക്കണം.- (1തിമൊ:4:12)

## ബാല്യത്തിൽ തന്നെ ഈ സ്വാഭാവഗുണങ്ങൾ അഭ്യസിച്ചാലുള്ള പ്രയോജനങ്ങൾ

1. വൃദ്ധനായാലും അത് വിട്ടുമാറുകയില്ല - സദൃ:(22:6)
2. ഹൃദയത്തോട് ഭോഷത്വം പറ്റുകയില്ല - സദൃ:(22:15)
(ശിക്ഷക്കുള്ള വടി ഭോഷത്വത്തെ അകറ്റുന്നു)
3. ജ്ഞാനികളുടെ വചനം ചെവി ചായിച്ച് കേൾക്കുകയും പരിജ്ഞാനത്തിന് മനസ്സുവയ്ക്കുകയും ചെയ്യുന്നു.-സദൃ:(22:17)
4. കേട്ട വചനം ഉള്ളിൽ സൂക്ഷിക്കുകയും അധരത്തിലുറപ്പിക്കുകയും ചെയ്യുന്നു - സദൃ: (22:18)
5. അഭ്യസനം ലഭിച്ചവർ കോപവും ക്രോധവും ഉള്ളവരോടുകൂടെ നടക്കുന്നില്ല- സദൃ:(22:24)
6. വിവേകമുള്ളവനായി തന്റെ പ്രാണനെ സൂക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു - സദൃ:(22:25)

ഈ ഗുണങ്ങൾ പ്രാപ്യമാക്കുന്നവർക്ക് യേശുവിനോട് ചേർന്ന് നടക്കുവാൻ കഴിയുന്നു. ഹാനോക്ക് 300 വർഷം ദൈവത്തോട് ചേർന്നു നടന്നു. ദീർഘമായ കാലയളവിൽ അവരുടെ സൗഹൃദം നിലനിന്നിരുന്നു. ഈ മനുഷ്യനെക്കുറിച്ച് അത്ഭുതങ്ങൾ ഒന്നും ചെയ്തു എന്നല്ല പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നത്.

"ഹാനോക്ക് ദൈവത്തോട് കൂടെ നടന്നു"(ഉല്പ:5:24)

(നമ്മെക്കുറിച്ച് മറ്റുള്ളവർ ഇപ്രകാരം പറയുമോ ?)

**ഒന്നിച്ചു നടന്ന ഹാനോക്കിന്റെയും, ദൈവത്തിന്റെയും ബന്ധത്തിന്റെ പ്രത്യേകതകൾ**

1. **A proper relationship (യഥാർത്ഥ ബന്ധം)**

"Do two walk together unless they have agreed to do so - (Amos 3:3)

(രണ്ടു പേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ച് നടക്കുമോ ?)

കൂടെ നടക്കുന്ന ആളിനെക്കുറിച്ച് യഥാർത്ഥ അറിവും ആ ആളിൽ വിശ്വാസവും ഉണ്ടെങ്കിൽ മാത്രമേ ദീർഘനാൾ ഒന്നിച്ച് നടക്കുവാൻ കഴിയുകയുള്ളൂ. എന്നും ഞാൻ അവനോടൊപ്പം നടക്കും എന്ന് ദൃഢനിശ്ചയം ഉണ്ടായിരിക്കണം. അല്ലെങ്കിൽ ചുറ്റുപാടുകൾ നമ്മെ നടക്കുവാനനുവദിക്കാതെ പിടിച്ചു നിർത്തും.മാതാപിതാക്കളും കുടുംബവും ഹാനോക്കിനും ഉണ്ടായിരുന്നു. പ്രശ്നക്കാരും , ചതിയൻമാരും , കൊലപാതകികളും അന്നും ഉണ്ടായിരുന്നു. പകരത്തിനു പകരം അന്നും ഉണ്ടായിരുന്നു. (ഉല്പ :4:23-24).ദൈവവുമായുള്ള ബന്ധത്തിന് ഇതൊന്നും ഒരു തടസ്സമായിരുന്നില്ല.

(തടസ്സങ്ങളെ അതിജീവിച്ച് അവനോടൊപ്പം നടക്കുവാൻ തയ്യാറാകുമോ?)

ആത്മാർത്ഥ സുഹൃത്തുക്കളുടെ സംസാരം confidential ആയിരിക്കും.കൂടെ നടന്ന് വിവേകത്തോടെ നടപ്പാൻ ഉപദേശം തരുന്ന നല്ല സഖിയാണ് യേശു. നമ്മുടെ പരാതി , പരിഭവം, ആവശ്യം എല്ലാം

നാം പറയുമ്പോൾ അത് ശ്രദ്ധയോടെ കേട്ട് പ്രവർത്തിക്കുന്ന നല്ല സുഹൃത്താണ് യേശു.
ഉദാ: ഉല്പത്തി (15:2-6)
ഒന്നിച്ചു നടക്കുമ്പോൾ പരസ്പരം കരുതുന്ന നല്ല സ്നേഹിതനാണ് എന്നു മാത്രമല്ല അവൻ നമ്മുടെ പ്രശ്നങ്ങൾക്ക് നാം അറിയാതെ തന്നെ പരിഹാരം ചെയ്യുകയും ചെയ്യുന്നു.
ഉദാ: Read ഉല്പ(22:11-13)
യോഹ (15:14-15)
[ഹാനോക്കിനില്ലാത്ത ഒരു പ്രത്യേകത നമുക്കുണ്ട്. അവൻ ഉയർത്തെഴുന്നേറ്റവനായി നമ്മോടൊപ്പം വസിക്കുന്നു. അതിനാൽ രക്ഷപ്രാപിക്കുക - എഫേ : (2:8)]

## **2. A proper Fellowship.** (യഥാർത്ഥ കൂട്ടായ്മ)

ദൈവത്തോടുകൂടെ നടക്കണമെങ്കിൽ അവനുമായി ഒരു യഥാർത്ഥ കൂട്ടായ്മ ഉണ്ടായിരിക്കണം.
Read-(1 കൊരി :1:9), (1 യോഹ:1:3,7)
1. കൂട്ടായ്മ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ സഹായം അവൻ ചെയ്യുന്നു.
ഉദാ: സഹായം ആഗ്രഹിച്ച പള്ളിപ്രമാണികളിലൊരുവൻ കൂട്ടായ്മക്കായി എന്തു ചെയ്തു- മർക്കോ :(5:22)
അതായത് (a) ഗുരുവിന്റെ അടുക്കൽ വന്നു.(b)കണ്ടു , (c)കാൽക്കൽ വീണു.(d) വളരെ അപേക്ഷിച്ചു.
(2) എന്തായിരുന്നു അയാൾ ചോദിച്ച സഹായം -മർക്കോ : (5:23)
(3) കൂട്ടായ്മ മുടക്കുന്നവർ - മർക്കോ : (5:35)
(4) കൂട്ടായ്മ ആഗ്രഹിച്ചവന്റെ വിശ്വാസം കണ്ട യേശു ചെയ്ത കാര്യങ്ങൾ എന്തെല്ലാം ?
- Mark (5:37-40)

## ക്രിസ്തുവിനോടുള്ള കൂട്ടായ്മ എങ്ങനെ നിലനിർത്താം

(a)ആത്മീയ കൂടിവരവുകളിൽ -മത്താ :(18:20)

(b) വിശുദ്ധൻമാരുടെ സമ്പർക്കത്തിൽ - ലൂക്കോ: (24:15)

(c)ഹൃദയം ചൂടാക്കുന്നു - ലൂക്കോ : (24:32)

(d)സാക്ഷ്യം അതിനൊരു സഹായമത്രെ - 1 യോഹ: (1:3)

കൂട്ടായ്മയും സൗഹൃദവും തമ്മിൽ വ്യത്യാസമുണ്ട്. സൗഹൃദം, ദൃഢമാകാം, വികാരപരമായി സഹായം ലഭിച്ചേക്കാം. എന്നാൽ അത് ഒരു നിശ്ചിത കാലയളവിലേക്ക് മാത്രമേ കാണുകയുള്ളൂ. കൂട്ടായ്മ ഒന്നിച്ചു നടക്കുമ്പോൾ തന്നെ ഇല്ലാതാക്കാം. ചുറ്റുപാടുകളുടെ സ്വാധീനം അതിന് കാരണമാകാം. അതുകൊണ്ടാണ് ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ച് കൂടെ നടന്നത്. Read എബ്രാ : (11:5,6)

## (3) A sound Discipleship (യഥാർത്ഥ ശിഷ്യത്വം)

ശിഷ്യത്വം ദൃഢമാകണമെങ്കിൽ ദൈവത്തിന്റെ ഇഷ്ടം തന്നെയാകണം നമ്മുടെയും ഇഷ്ടം. ഇതിനായി ദൈവം ആരെയും നിർബന്ധിക്കുന്നില്ല. അവന്റെ വിളി സ്വീകരിച്ച് അവന്റെ താല്പര്യത്തിനനുസരിച്ച് ജീവിക്കണമോ എന്ന് തീരുമാനിക്കുന്നത് നമ്മുടെ ഇഷ്ടമാണ്. ധാർമ്മീകാധപതനം വികാരാവേശം,പാപം ഇവയെല്ലാം അവനുമായിട്ടുള്ള ബന്ധത്തിന് തടസ്സമാകാതെ സൂക്ഷിക്കണം.

Read ലൂക്കോ : (22:3-6), അ:പ്ര:(2:29-36)

ദൈവമുമ്പാകെ നടക്കുക - ഉല്പ (17:1-3)

ദൈവത്തിന്റെ പിൻപേ - മർക്കോ :(8:34), യോഹ:(10:4)

ദൈവത്തോടു കൂടെ നടന്നവൻ മരണം കാണാതെ എടുക്കപ്പെട്ടു. ഈ പ്രസ്താവന കുട്ടികൾ മനസ്സിലാക്കാനായി സൺഡേസ്കൂൾ അദ്ധ്യാപകൻ സംഭവം കഥയാക്കി പറഞ്ഞു. ഒരിടത്ത് ഒരു ഹാനോക്ക് അപ്പൂപ്പനുണ്ടായിരുന്നു.അദ്ദേഹത്തിന് ഒരു നല്ല സുഹൃത്തുണ്ടായിരുന്നു. എപ്പോഴും കൂടെയുള്ള ആ സുഹൃത്തിന്റെ പേരാണ് ദൈവം.എന്നും രണ്ടുപേരും കൂടി ഒന്നിച്ച് നടക്കും. ഒരു ദിവസം അവർ നടന്നപ്പോൾ

ദൂരം അധികമായി എന്ന് മനസ്സിലാക്കിയ ഹാനോക്കപ്പൂപ്പൻ സുഹൃത്തിനോട് മടങ്ങിപ്പോകണമെന്നാവശ്യപ്പെട്ടു. ഹാനോക്കിന്റെ ആഗ്രഹം മനസ്സിലാക്കിയ ദൈവം തന്റെ വീട്ടിലേക്ക് അവനെ ക്ഷണിച്ചു. ക്ഷണം സ്വീകരിച്ചവിടെ എത്തിയ ഹാനോക്കിന് മടങ്ങുവാൻ താല്പര്യമില്ലാതായി സുഹൃത്തിനൊപ്പം പാർത്തു.

പ്രീയരേ ! ഭൂമിയിൽ ദൈവത്തോടൊപ്പം നടന്നാൽ അവൻ നമുക്ക് ഒരുക്കിയ നിത്യഭവനത്തിൽ നമുക്കവനോടൊപ്പം എത്താം. അതിനായി ഒരുങ്ങുക.

Santhamma Varghese